സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ ഫീസ് അതാത് സ്ഥാപനങ്ങൾക്കു തന്നെ നിശ്ചയിക്കാവുന്നതും എന്നാൽ അത് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഏറ്റവും കൂടിയ നിരക്കിൽ കവിയാൻ പാടില്ലാത്തതുമാണ്. സംസ്ഥാന സർക്കാരിന്റെ നിയമവും നയവും അനുസരിച്ച് ഒരു സ്ഥാപനത്തെ എയ്ഡഡ്/ അൺ എയ്ഡഡ് എന്നോ ന്യൂനപക്ഷമെന്നോ അല്ലെന്നോ സംസ്ഥാന സർക്കാരിന് നിശ്ചയിക്കാവുന്നതാണ്.

മെരിറ്റടിസ്ഥാനത്തിൽ സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ സീറ്റുകളുടെ ശതമാനം സംസ്ഥാന സർക്കാരിന് നിശ്ചയിക്കാവുന്നതാണ്. അപ്രകാരം ഉള്ള സീറ്റുകളുടെ ഫീസ് നിരക്ക് അതാത് സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതും കൗൺസിലിംഗിനു മുമ്പായി പ്രസ്തുത ഫീസ് നിരക്കിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്.

സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞത് 75 ശതമാനം സീറ്റുകൾ സർക്കാർ ഏജൻസി നടത്തുന്ന പൊതുപ്രവേശന പരീക്ഷ വിജയിച്ചവരിൽ നിന്നായിരിക്കണം. ന്യൂനപക്ഷ പദവി ഇല്ലാത്ത പ്രൈവറ്റ് എയ്ഡഡ് സ്ഥാപനങ്ങളിലെ എല്ലാ സീറ്റുകളും റിസർവേഷൻ നയങ്ങൾ പാലിച്ചുകൊണ്ട് പൊതു പ്രവേശന പരീക്ഷ പാസ്സായവരിൽ നിന്നും കൗൺസിലിംഗ് മുഖേന സംസ്ഥാന സർക്കാരിന് നികത്താവുന്നതാണ്.

പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ വേണ്ടുന്ന നിയമങ്ങൾ/ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കേണ്ടതാണ്.

പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കുന്ന ഫീസ് നിരീക്ഷിക്കുന്നതിനായി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി സർക്കാർ രൂപീകരിക്കേണ്ടതാണ്.

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതു സംബന്ധിച്ച മാർഗ്ഗരേഖ അടുത്തകാലത്താണ് സംസ്ഥാന സർക്കാരിന് ലഭിച്ചത്. ഇത് പരിശോധിച്ചു വരുന്നു.

പേ വിഷബാധയ്ക്കെതിരെയുള്ള വാക്സിൻ

21 (*171) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പേ വിഷബാധക്കെതിരെയുള്ള ആന്റി റാബീസ് വാക്സിന്റെ വിതരണം നിർത്തിവയ്ക്കാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നടപടിമൂലം പേ വിഷബാധിച്ചവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പേ വിഷബാധക്കെതിരെയുള്ള വാക്സിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പേ വിഷബാധക്കെതിരെയുള്ള വാക്സിൻ എവിടെനിന്നുമാണ് സംസ്ഥാനത്തെ ആശുപത്രികളിൽ വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) വാക്സിനുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ, ടി സമിതി അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഹ്യൂമൻ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം വിതരണം ചെയ്ത് ആന്റിറാബിസ് വാക്സിന്റെ ഉപയോഗം ആരോഗ്യവകുപ്പ് ഡയറക്ടർ മരവിപ്പിച്ചിട്ടുണ്ട്.

(ബി) 2002 ഒക്ടോബർ മാസത്തിൽ കൊല്ലം ജില്ലാ ആശുപത്രിയിൽ ഈ സ്ഥാപനം വിതരണം ചെയ്ത് ആന്റിറാബിസ് വാക്സിൻ ഉപയോഗിച്ചപ്പോൾ റീയാക്ഷൻ ഉണ്ടായതായുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രസ്തുത വാക്സിന്റെ ഉപയോഗം മരവിപ്പിക്കാൻ ഉത്തരവാകുകയും, വാക്സിന്റെ വിതരണം നിർത്തി വയ്ക്കുകയും ഉണ്ടായി.

(സി) ഇല്ല. പേ വിഷബാധ ബാധിച്ചവർക്ക് ആന്റിറാബിസ് വാക്സിൻ നല്കുന്നതിന് ബുദ്ധിമുട്ടുകളില്ല.

(ഡി) വാക്സിൻക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ അഗീകൃത കമ്പനികളിൽ നിന്നും മരുന്നു വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

(ഇ) ബോംബെയിലുള്ള അവന്തീസ് ഫാർമ, പൂനയിലുള്ള സെറം ഇൻസ്റ്റിറ്റ്യൂട്ട് എന്നീ കമ്പനികളാണ് മരുന്ന് വിതരണം ചെയ്യുന്നത്.

(എഫ്) വാക്സിനുകളുടെ ഗുണനിലവാരം പരിശോധിക്കുന്നത് ഹിമാചൽ പ്രദേശിലെ കസൗളയിലുള്ള ഭാരത സർക്കാർ സ്ഥാപനമായ സെൻട്രൽ ഡ്രഗ് ലാബിലാണ്. ലാബിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് പരിശോധിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ജി) സമിതിയെ നിയമിച്ചശേഷമേ റിപ്പോർട്ടും അതിലെ വിശദാംശങ്ങളും വെളിപ്പെടുത്തുവാൻ നിർവാഹമുള്ളൂ.

ഹോളിസ്റ്റിക് ട്രീറ്റ്മെന്റ്

22 (*172) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീമതി രാധാമാധവൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ആശുപത്രികളിൽ എവിടെയെങ്കിലും ഹോളിസ്റ്റിക് ട്രീറ്റ്മെന്റ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly